ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pd.lsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

No. LSGD/PD/31595/2024-DB4 തീയതി: 27-06-2025

**സർക്കുലർ**

വിഷയം: ത.സ്വ.ഭ.വ.-മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 യിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്ന പ്രവൃത്തികളുടെ സൈറ്റിൽ ബോർഡ് പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :
1. സ.ഉ.(കൈ) നം:14/2025/തസ്വഭവ തീയതി 20/01/2025
2. സ.ഉ.(കൈ) നം:30/2025/തസ്വഭവ തീയതി 12/02/2025
3. സ.ഉ.(കൈ) നം:80/2025/തസ്വഭവ തീയതി 19/05/2025
4. ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ തീയതി 31-01-2025
5. സർക്കാർ കത്ത് നം. നമ്പർ.പി.പി2/2/2025-തസ്വഭവ തീയതി 20-05-2025

2024-25 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1000 കോടി രൂപ വിനിയോഗിച്ച് സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള 3540 റോഡുകളുടെ പുനരുദ്ധാരണത്തിന് "തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി" യിൽ ഉൾപ്പെടുത്തി സൂചന 1-3 ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ പേര് "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 (CMLRRP 2.0)" എന്ന് പുനർനാമകരണം ചെയ്ത് സൂചന (3) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങളിൽ Chief Minister's Local Road Rebuild Project (CMLRRP -2.0) എന്ന ബോർഡ് പ്രദർശിപ്പിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് സൂചന (5) പ്രകാരം സർക്കാരിൽ നിന്നും അറിയിച്ചിട്ടുള്ളതാണ്.

ആയതിനാൽ ഈ പദ്ധതിയിൽ നിർമ്മാണപ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങളിൽ Chief Ministers Local Road Rebuild Project (CMLRRP-2.0) എന്നും റോഡിന്റെ പേരും തുകയും വ്യക്തമാക്കുന്ന ഒരു താത്കാലിക ബോർഡ് സ്ഥാപിക്കേണ്ടതാണെന്നും, നിർമ്മാണപ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് സൂചന (4) സർക്കുലർ പ്രകാരമുള്ള ബോർഡ് സ്ഥാപിക്കേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശം നൽകുന്നു.

ഇനി മേലിൽ പൂർത്തിയാകുന്ന പ്രവൃത്തികൾക്ക്, സൂചന (4) സർക്കുലർ പ്രകാരമുള്ള ബോർഡ് സ്ഥാപിക്കുമ്പോൾ, ബോർഡിൽ 'തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2024-25'

എന്നതിന് പകരം 'മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി 2.0' എന്ന് രേഖപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Sandeep K G
Date: 27-06-2025 10:51:11

Sandeep K G
CHIEF ENGINEER